LIBRARY ARCHIVES Kerala Legislative Assembly

എം.എൽ.എ.-മാർ നൽകുന്ന നിവേദനങ്ങളും ശിപാർശകളും

4 (1868) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബഹു. മുഖ്യമന്ത്രിയടക്കം ബഹു. മന്ത്രിമാർക്കും മറ്റ് ഉന്നത അധികാരികൾക്കും എം.എൽ.എ.-മാർ നൽകുന്ന നിവേദനങ്ങളിലും ശിപാർശകളിലും സ്വീകരിക്കുന്ന നടപടികളും അന്തിമ തീരുമാനങ്ങളും ബന്ധപ്പെട്ട എം.എൽ.എ.-മാരെ അറിയിക്കണമെന്ന ഉത്തരവ് നിലവിലുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(ബി) ഉത്തരവുണ്ടെങ്കിൽ അത് പാലിക്കപ്പെടുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിന്മേലുള്ള തുടർനടപടിക്ക് എം.എൽ.എ.-മാർ ആരോടാണ് പരാതി പെടെണ്ടതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പരാതിയുണ്ടെങ്കിൽ എം.എൽ.എ.-മാർ സെക്രട്ടേറിയറ്റിലെ ബന്ധപ്പെട്ട ഭരണ വകുപ്പ് സെക്രട്ടറിക്കോ ബന്ധപ്പെട്ട വകുപ്പ് തലവന്മാർക്കോ നൽകേണ്ടതാണ്.

പി.എച്ച്.ഡി. ബിരുദം ലഭിച്ചവരുടെ ഡോക്ടർ പദവി സംബന്ധിച്ച്

5 (1869) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് സർവ്വകലാശാലയിൽ നിന്ന് പി.എച്ച്.ഡി. ബിരുദം ലഭിച്ചവരുടെ പേരിനൊപ്പം ഡോക്ടർ എന്ന് ചേർക്കുന്നത് നിരോധിച്ചുകൊണ്ട് ഉത്തരവ് ഇറക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(ബി) ഇപ്രകാരം ഉത്തരവ് നിലവിൽ ഇല്ലായെങ്കിൽ, വിദ്യാഭ്യാസ യോഗ്യതയുള്ള ഏതെങ്കിലും ജീവനക്കാരൻ ഡോക്ടർ എന്ന പദം ചേർക്കുന്നത് തടയാൻ ഡി.എം.ഒ.-മാർക്ക് അനുവാദം നൽകിയിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(സി) ആലപ്പുഴ ജില്ലാ മെഡിക്കൽ ഓഫീസർ, ഡോക്ടർ എന്ന പദം ചേർക്കുന്നതിന് തടസ്സം ഉന്നയിച്ച സംഭവത്തെ സംബന്ധിച്ച് അന്വേഷണം നടത്തി അടിയന്തര നടപടി സ്വീകരിക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സർവ്വകലാശാലയിൽ നിന്നും ഇത്തരമൊരു ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല എന്ന് കോഴിക്കോട് സർവ്വകലാശാല രജിസ്ട്രാർ അറിയിച്ചിട്ടുണ്ട്.

(ബി & സി) ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെ തസ്തികയിൽ ജോലി നോക്കുന്ന ശ്രീ. ഗിരീഷ് എന്നയാൾ ഡോക്ടർ എന്ന പദം പേരിനൊപ്പം ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടപ്പോൾ ചികിത്സകനല്ലാത്ത ശ്രീ. ഗിരീഷ് 'ഡോക്ടർ' എന്ന പദം ഉപയോഗിക്കുന്നത് രോഗികളിൽ തെറ്റിദ്ധാരണ പരത്താൻ ഇടയാക്കുന്നതാണെന്നും ക്ലിനിക്കൽ സൈക്കോളജിസ്റ്റ് മാത്രമായ അദ്ദേഹം കൺസൾട്ടന്റ് എന്നുകൂടി ഉപയോഗിക്കുന്നത് തെറ്റാണെന്നും പി.എച്ച്.ഡി.-യുള്ള അദ്ദേഹം പേരിനൊപ്പം പി.എച്ച്.ഡി. എന്നുകൂടി കാണിക്കണമെന്നും ജില്ലാ മെഡിക്കൽ ഓഫീസർ നിർദ്ദേശിച്ചിട്ടുണ്ട്. ഈ തസ്തികയിൽ ജോലിക്ക് പ്രവേശിച്ചപ്പോൾ ഗിരീഷ് എന്ന് മാത്രമാണ് നിയമന ഉത്തരവിൽ പറഞ്ഞിട്ടുള്ളത്. 'ഡോക്ടർ' എന്ന പദം ഉപയോഗിക്കുന്നത് തടയാൻ ജില്ലാ മെഡിക്കൽ ഓഫീസർമാരെ അനുവദിച്ചുകൊണ്ട് നിർദ്ദേശമൊന്നും സർക്കാർ നൽകിയിട്ടില്ല.

കേരള എയർലൈൻ പദ്ധതി

6 (1870) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള എയർ ലൈൻ പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) പരിഗണനയിലുണ്ട്. ഏണസ്റ്റ് & യംഗ് എന്ന കൺസൾട്ടന്റുകൾ സമർപ്പിച്ച പദ്ധതി റിപ്പോർട്ടിനെ അടിസ്ഥാനമാക്കി അന്താരാഷ്ട്ര മേഖലയിൽ പ്രവർത്തിക്കാൻ അനുമതി ലഭിച്ചശേഷം എയർകേരള എയർലൈൻ സർവ്വീസ് ആരംഭിക്കുവാൻ എയർകേരള ഇന്റർനാഷണൽ സർവ്വീസ് ലിമിറ്റഡ് കമ്പനിയുടെ ബോർഡ് തീരുമാനിച്ചിരിക്കുകയാണ്. കേന്ദ്ര സർക്കാരിന്റെ നിലവിലുള്ള നിബന്ധനകൾ പ്രകാരം അന്താരാഷ്ട്ര സർവ്വീസുകൾ നടത്തുന്നതിന് കുറഞ്ഞത് 5 കൊല്ലത്തെ ആഭ്യന്തരമേഖലയിലെ പ്രവൃത്തിപരിചയവും 20 വിമാനങ്ങളും കമ്പനിക്കാവശ്യമാണ്. ഈ നിബന്ധനകളിൽ ഇളവിനായി കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടണമെന്നും തീരുമാനിച്ചാണ് പദ്ധതി നടപ്പിലാക്കാൻ സർക്കാർ തീരുമാനിച്ചത്.